# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3383 — 21.12.2012- ൽ മറുപടിക്ക്

## <u>ഗ്രീൻഹൗസുകൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ | ഗ്രീൻഹൗസുകൾ ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പാക്കിയെന്നും ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പാക്കിയിട്ടില്ല എന്നുമുള്ള വിവരം ലഭ്യമാക്കുമോ; | എ സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കുന്ന ഗ്രീൻഹൗസ് പദ്ധതിയിൽ സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ 3 എണ്ണം എന്ന നിരക്കിൽ 2934 പോളീഹൗസുകൾ ആണ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br><br>വി. എഫ്. പി. സി . കെ പോളി ഹൗസുകൾ നിർമ്മിക്കുവാനായി പ്രാരംഭ നടപടികൾ ആരംഭിച്ചിരിക്കുന്ന പഞ്ചായത്തുകളും നിയോജകമണ്ഡലങ്ങളും താഴെ കൊടുത്തിരിക്കുന്നു. ബാലരാമപുരം (കാട്ടാക്കട), എലവഞ്ചേരി (നെന്മാറ), എലമ്പുള്ളിശ്ശേരി (ഒറ്റപ്പാലം). ഇഞ്ചക്കാട് (കൊട്ടാരക്കര), പുഴക്കാട്ടിരി (മങ്കട), കുര്യം (കടുത്തുരുത്തി), കനകക്കുന്ന് (ഇടുക്കി), കൽപ്പറ്റ (കൽപ്പറ്റ), എടത്തല (ആലുവ), മുക്കം (തിരുവമ്പാടി), പഴയന്നൂർ (ചേലക്കര),പാട്യം (കൂത്തുപറമ്പ്). |
| ബി | ഗ്രീൻ ഹൗസുകൾ ആരംഭിക്കുവാൻ കഴിയാത്ത മണ്ഡലങ്ങളിൽ നടപ്പു വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ബി ഗ്രീൻ ഹൗസുകൾ ആരംഭിക്കുവാൻ സന്നദ്ധരായിട്ടുള്ള കർഷകരിൽ നിന്നും അപേക്ഷ ലഭിക്കുന്ന എല്ലാ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന മണ്ഡലങ്ങളിലും നടപ്പ് വർഷം തന്നെ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ